# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **991** | **01/03/2017** -ൽ മറുപടിക്ക്

# ജപ്പാൻ കടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.റ്റി.എ.റഹീം | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരമുള്ള തുക പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട തുക നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജൈക്ക പദ്ധതിയിൽ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക് (വിതരണ ശൃംഖല) പാക്കേജിന്റെ ഭാഗമായി രാമകൃഷ്ണ കോൺട്രാക്ടേഴ്സ് നല്കിയ വർക്കുകളാണ് അവരുടെ റിസ്ക് ആന്റ് കോസ്റ്റിൽ റീ-അറേഞ്ച് ചെയ്ത് ശ്രീറാം കോൺട്രാക്ടേഴ്സിന് നല്കിയിട്ടുള്ളത്. സ്ഥാപിച്ച പൈപ്പ്ലൈനിൽ നിരവധി ഗ്യാപ്പുകളോടുകൂടിയാണ് ഈ വർക്കുകൾ ശ്രീറാമിന് കൈമാറിയിട്ടുള്ളത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ഈ ഗ്യാപ്പുകൾ കണ്ടുപിടിച്ച് പൈപ്പ് ലൈനുകൾ കൂട്ടിച്ചേർക്കുന്നതിന് കൂടുതൽ സമയം ആവശ്യമുണ്ട്. രാമകൃഷ്ണയിൽ നിന്നും കൈമാറിയ ശേഷം ഈ പൈപ്പുകൾ ഇട്ടിട്ടുള്ള പല റോഡുകളും വീതി കൂട്ടുകയോ നിരവധി തവണ ടാറിങ്ങ് നടത്തുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ കൃത്യമായി പൈപ്പുകളുടെ സ്ഥാനം കണ്ടുപിടിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.<br>പൈപ്പ് ഇടുന്നതിനായി റോഡ് കട്ടിങ്ങിനുള്ള അനുവാദം ലഭ്യമാക്കുന്നതിന് പി.ഡബ്ല്യു.ഡി, എൻ.എച്ച്, കോർപ്പറേഷൻ, റെയിൽവെ എന്നീ ഏജൻസികളുടെ സമ്മതം ആവശ്യമുണ്ട്. ടി അനുവാദങ്ങൾ |

ലഭ്യമാക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും മന്ത്രിതലത്തിലും മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വിഷയം ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ മീറ്റിംഗുകളിൽ എടുത്തിട്ടുള്ള തീരുമാനമനുസരിച്ച് റോഡ്കട്ടിങ്ങ് പെർമിഷനുകൾ ലഭ്യമായി തുടങ്ങിയിട്ടുണ്ട്. സമയബന്ധിതമായി വർക്കുകൾ നടപ്പിലാക്കുന്നതിലേയ്ക്കായി കോൺട്രാക്ടർമാർക്ക് കർശനനിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ ആസന്നമായ വരൾച്ച പരിഗണിച്ച് ചെറിയ ലൈനുകൾ കൂട്ടി യോജിപ്പിച്ച് പ്രത്യേക പ്രദേശങ്ങളിലേയ്ക്ക് വെള്ളം എത്തിക്കുവാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

| | |
|---|---|
| (സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി എറണാകുളം ജില്ലയെ മാതൃകയാക്കി ഡിസാസ്റ്റർ മാനേജ്മെന്റ് പ്രകാരം നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

JSK/